**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4374** **09-08-2021 - ൽ മറുപടിയ്ക്ക്**

**വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ശോചനീയാവസ്ഥ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. തോമസ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 1980-ൽ ഹൗസിംഗ് ബോർഡ് നിർമ്മിച്ച് കൈമാറ്റം ചെയ്ത തിരുവനന്തപുരം പട്ടം വില്ലേജിലെ വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ ഇപ്പോഴത്തെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വൃന്ദാവൻ ഹൗസിംഗ് അക്കോമഡേഷൻ സ്കീമിലെ ഫ്ലാറ്റുകളുടെ നിർമ്മാണം പൂർത്തിയാക്കി അലോട്ട്മെന്റ് കഴിഞ്ഞിട്ടുള്ളതിനാൽ ഫ്ലാറ്റുകളുടെ തുടർപരിപാലനം ഫ്ലാറ്റ് ഉടമകൾ തന്നെ ചെയ്യേണ്ടതുണ്ട്. തുടർ പരിപാലന ജോലികൾ ഭവന നിർമ്മാണ ബോർഡിന്റെ പരിധിയിൽ വരുന്നതല്ല. |
| (ബി) | പ്രസ്തുത ഫ്ലാറ്റുകളും അനുബന്ധ സ്ഥലങ്ങളും പൂർണമായും ഫ്ലാറ്റുടമകൾക്ക് കൈമാറ്റം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് ഇതിനുള്ള തടസ്സമെന്ന് വിശദമാക്കാമോ; | (ബി) | ടി പദ്ധതിയിലെ ഫ്ലാറ്റുകൾ പൂർണ്ണമായും കൈമാറിയിട്ടുണ്ട്. എന്നാൽ അനുബന്ധ സ്ഥലങ്ങൾ ഫ്ലാറ്റ് ഉടമകൾക്ക് രേഖാമൂലം കൈമാറ്റം ചെയ്തിട്ടില്ല. KSHB (Formation of Allottees) Association Regulations, 2000-ൽ നിഷ്കർഷിക്കുന്ന രീതിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന അസോസിയേഷൻ നിലവിലില്ലാത്തതിനാലാണ് പൊതു സ്ഥലം അസോസിയേഷന് കൈമാറാത്തത്. എല്ലാ ഫ്ലാറ്റ് ഉടമകളും വിലയാധാരം വാങ്ങി അംഗീകൃത അസോസിയേഷൻ രൂപീകരിച്ചാൽ മാത്രമേ പൊതു സ്ഥലം രേഖാമൂലം കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ. |
| (സി) | അപകടാവസ്ഥയിലുള്ള ഫ്ലാറ്റുകൾ പുനർനിർമ്മിച്ച് നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ? | (സി) | ഭവന നിർമ്മാണ ബോർഡ്, ഗുണഭോക്താക്കൾക്ക് ഫ്ലാറ്റുകൾ അലോട്ട് ചെയ്ത് കഴിഞ്ഞാൽ കെട്ടിടങ്ങൾക്ക് കാലാകാലങ്ങളിൽ വരുന്ന അറ്റകുറ്റപ്പണികൾ നടത്തേണ്ടത് ഫ്ലാറ്റുടമകളും, ഫ്ലാറ്റ് കെട്ടിട സമുച്ചയവുമായി ബന്ധപ്പെട്ട പൊതു ഇടങ്ങളിലെ അറ്റകുറ്റപ്പണികൾ ചെയ്യേണ്ടത് ഫ്ലാറ്റ് ഉടമകളുടെ അസോസിയേഷനുമാണ്. |

സെക്ഷൻ ഓഫീസർ